# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1927 | 16.02.2016-ൽ മറുപടിയ്ക്ക്

## നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എളമരം കരീം | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ വർദ്ധിച്ചു വരുന്നതായി നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോ ചൂണ്ടിക്കാട്ടിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ വർദ്ധിച്ചു വരുന്നതായി നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോ ചൂണ്ടിക്കാട്ടിയിട്ടില്ല. |
| (ബി) | എത്ര കേസ്സുകളിന്മേൽ ഫോറൻസിക് പരിശോധനാ ഫലം അറിയാനുണ്ടെന്നും ഇവയിൽ കാലപ്പഴക്കം ചെന്ന എത്ര കേസ്സുകളുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) | 01.02.2016 വരെയുള്ള കണക്കനുസരിച്ച് തിരുവനന്തപുരം സ്റ്റേറ്റ് ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ 4539 കേസുകളുടെയും, കണ്ണൂർ റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ 1399 കേസുകളുടെയും, തൃശ്ശൂർ റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ 3986 കേസുകളുടെയും പരിശോധനാ ഫലം നൽകാനുണ്ട്. 01.02.2016 വരെയുള്ള കണക്കനുസരിച്ച് പരിശോധനാ ഫലം നൽകാനുള്ള പഴയ കേസുകളുടെ എണ്ണം ചുവടെ ചേർക്കുന്നു. |

| ക്രമ നമ്പർ | വർഷം | കേസുകളുടെ എണ്ണം |
|---|---|---|
| 1 | 2010 | 8 |
| 2 | 2011 | 180 |
| 3 | 2012 | 393 |
| 4 | 2013 | 836 |
| 5 | 2014 | 1962 |
| ആകെ | | **3379** |

| | | | |
|---|---|---|---|
| (സി) | ഫോറൻസിക് പരിശോധനാ ഫലം കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനും ഇത്തരം ലാബുകളിൽ അത്യാധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് വിശദമാക്കുമോ? | (സി) | ഫോറൻസിക് പരിശോധനാ ഫലം കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി പുതുതായി 14 തസ്തികകൾ ഈ സർക്കാരിന്റെ കാലത്ത് അനുവദിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ കൊച്ചി ആസ്ഥാനമാക്കി പുതിയ ഒരു റീജിയണൽ ഫോറൻസിക് ലാബിന്റെ പ്രവർത്തനം തുടങ്ങാനുള്ള പ്രാരംഭ നടപടികൾ തുടങ്ങി യിട്ടുണ്ട്. പുതിയ കൊച്ചി ലാബു കൂടി പ്രവർത്തനക്ഷമമാക്കുമ്പോൾ വേഗത്തിൽ ഫോറൻസിക് റിപ്പോർട്ടുകൾ ലഭ്യമാക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ